**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 619** **28-06-2022 - ൽ മറുപടിയ്ക്ക്**

**വട്ടിയൂർക്കാവ് മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വട്ടിയൂർക്കാവ് മണ്ഡലത്തിൽ വ്യവസായ വകുപ്പ് നേരിട്ടും വകുപ്പിന് കീഴിലെ മിഷനുകൾ, ഏജൻസികൾ, സൊസൈറ്റികൾ, ബോർഡുകൾ എന്നിവ മുഖാന്തിരവും നടപ്പാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ച തൽസ്ഥിതി റിപ്പോർട്ട് ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | വട്ടിയൂർക്കാവ് മണ്ഡലത്തിൽ സംരംഭകങ്ങൾക്കുള്ള സഹായ പദ്ധതികളായ ESS, PMEGP, Margin Money Grand to Nano enterprises എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ആയതു പ്രകാരം ആരംഭിച്ച സംരംഭങ്ങൾ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | 2019-20, 2020-21, 2021-22, 2022-23 സംസ്ഥാന ബജറ്റുകളിൽ പ്രഖ്യാപിച്ചിട്ടുള്ളതും വ്യവസായ വകുപ്പ് നേരിട്ടും വകുപ്പിന് കീഴിലെ മിഷനുകൾ, ഏജൻസികൾ, സൊസൈറ്റികൾ, ബോർഡുകൾ എന്നിവ മുഖാന്തിരവും നടപ്പിലാക്കേണ്ട വട്ടിയൂർക്കാവ് മണ്ഡലത്തിൽ ഉൾപ്പെടുന്ന പദ്ധതികൾ ഏതൊക്കെയെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ; | (ബി) | വട്ടിയൂർക്കാവ് മണ്ഡലത്തിൽ 2019-20, 2020-21, 2021-22, എന്നീ സാമ്പത്തിക വർഷങ്ങളിൽ സംരംഭകത്വ സഹായ പദ്ധതിയിൽ യഥാക്രമം 1 യൂണിറ്റിന് 2.05 ലക്ഷം രൂപയും 3 യൂണിറ്റിന് 6 ലക്ഷം രൂപയും, 4 യൂണിറ്റിന് 4.5 ലക്ഷം രൂപയും 2021-22 വർഷത്തിൽ മാർജിൻ മണി ഗ്രാന്റ് ഇനത്തിൽ 1 യൂണിറ്റിന് 2.1 ലക്ഷം രൂപയും PMEGP പദ്ധതിയിൽ 11 യൂണിറ്റിന് 20 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |
| (സി) | വട്ടിയൂർക്കാവ് മണ്ഡലത്തിൽ 2021ഏപ്രിൽ മാസത്തിന് ശേഷം വ്യവസായ വകുപ്പ് നേരിട്ടും വകുപ്പിന് കീഴിലെ മിഷനുകൾ, ഏജൻസികൾ, സൊസൈറ്റികൾ, ബോർഡുകൾ എന്നിവ മുഖാന്തിരവും പൂർത്തീകരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ (ഫണ്ട്, ഭരണാനുമതി തുക, എസ്റ്റിമേറ്റ് തുക, ചെലവഴിച്ച തുക എന്നിവ ഉൾപ്പെടെ) ലഭ്യമാക്കാമോ? | (സി) | സംരംഭകത്വ സഹായ പദ്ധതി പ്രകാരം 4 യൂണിറ്റുകൾക്ക് 4.50 ലക്ഷവും മാർജിൻ മണി ഗ്രാന്റ് ടു നാനോ പദ്ധതി പ്രകാരം 1 യൂണിറ്റിന് 2.1 ലക്ഷവും പി.എം.ഇ.ജി.പി പ്രകാരം 11 യൂണിറ്റുകൾക്ക് 20 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ